# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2603 — 18.06.2014 ലെ മറുപടിക്ക്

### അഡ്വഞ്ചർ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | എ) വനം വകുപ്പ്, ഇക്കോ ടൂറിസം, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവ മുഖേന സാഹസിക വിനോദപരിപാടികൾ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ചില സംഘടനകളും, വ്യക്തികളും സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കരയിലും ജലത്തിലുമുള്ള സാഹസിക വിനോദപരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് കൈക്കൊണ്ടു വരുന്നു. കേരളത്തിലെ പ്രധാന കായലുകളിലും ബീച്ചുകളിലും ലീഷർ വാട്ടർ സ്പോർട്ട്സ് നടത്തുന്നതിനുള്ള സാധ്യതാപഠനം നടത്താൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത മേഖലകളുടെ വികസനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇക്കോടൂറിസത്തിന്റെ ഭാഗമായി |

(..........2)

തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള വിവിധ വനപ്രദേശങ്ങളിൽ ട്രക്കിംഗ്, റോക്ക് ക്ലൈമ്പിംഗ്, വൈൽഡ് ലൈഫ് സഫാരി തുടങ്ങി വിവിധ തരത്തിലുള്ള സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ തെന്മലയിൽ അഡ്വഞ്ചർ ടൂറിസത്തിനായി ഒരു മേഖല തന്നെ നീക്കിവച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട കായലുകളിലും ബീച്ചുകളിലും ലീഷർ വാട്ടർ സ്പോർട്ട്സ് നടത്തുന്നതിന് ഗോവയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിന്റെ (NIWS) സഹായത്തോടുകൂടി ~~തയ്യാറാക്കിവരുന്ന~~ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

ഇടുക്കി ജില്ലയിലെ വാഗമൺ, മൂന്നാർ, കോട്ടയം ജില്ലയിലെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ, അയ്യൻപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ സമീപഭാവിയിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്വഞ്ചർ ടൂറിസം വികസനത്തിന്റെ ഭാഗമായി മൗണ്ടൻ സൈക്ലിംഗ് മത്സരം 2014-ൽ നടത്തി. ഇതിനുപുറമേ കേരളത്തിലെ 14 ജില്ലകളിൽ സ്ഥലലഭ്യതക്കനുസരിച്ച് അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വെള്ളാർ, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തുകയും ആയതിന് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിക്കുകയും 2013 ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(..........3)

| | | | |
|---|---|---|---|
| സി) | അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | സി) | അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ